# മണിചെയിൻ മരുന്നുകൾ അപകടകരമെന്ന് മുന്നറിയിപ്പ്

മണിചെയിൻ മാതൃകയിൽ വിപണനം നടത്തുന്ന മരുന്നുകൾ ആരോഗ്യത്തിന് ഹാനികരമാണെന്ന് പ്രാഥമികപരിശോധനയിൽ തെളിഞ്ഞതായി ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ. രോഗലക്ഷണങ്ങൾക്ക് തൽക്ഷണശമനമുണ്ടാക്കുന്ന ഹെവി മെറ്റൽസ് വിഭാഗത്തിൽപ്പെടുന്ന രാസപദാർത്ഥങ്ങളാണ് മണിചെയിൻ മാതൃകയിൽ വില്പന നടത്തുന്ന ചൈനീസ്-കൊറിയൻ മരുന്നുകളിൽ അടങ്ങിയിരിക്കുന്നത്. ഈ മരുന്നുകൾ പതിവായി കഴിക്കുന്നത് വൃക്കകൾക്കും രക്തധമനികൾക്കും മാരകമായ പാർശ്വഫലങ്ങളുണ്ടാകുമെന്ന് ഐ.എം.എ പത്രക്കുറിപ്പിൽ പറയുന്നു. ആധുനികവൈദ്യശാസ്ത്രം പ്രാക്ടീസ് ചെയ്യുന്ന ആരെങ്കിലും ഈ തട്ടിപ്പിൽ പങ്കാളികളാകുന്നുണ്ടെങ്കിൽ അവർക്കെതിരെ കർശനനടപടികൾ സ്വീകരിക്കുമെന്നും അസോസിയേഷൻ പറയുന്നു.